കേൾക്കേണ്ട ശബ്ദം:

പോലീസുകാർക്ക് കൂറിനേപ്പറ്റി സംശയം ഏതും ഉണ്ടാവില്ല. അവരുടെ അസോസിയേഷൻ രായ്ക്ക്രാമാനം പെയിന്റ് മാറ്റിയടിക്കും. ഇന്നലെ വരെ ഉമ്മൻചാണ്ടിയുടെ അനുയായികളായിരുന്ന അസോസിയേഷൻ അംഗങ്ങളെല്ലാം പിണറായിയുടെ ആരാധകരാകും. തിരിച്ചു. - **സ്വതന്ത്രൻ** (മാതൃഭൂമി)

മക്തബ്

1193 മേടം 31 1439 ശഅബാൻ 27

രക്തസാക്ഷികളും പോലീസും

കേരള പോലീസ് അസോസിയേഷൻ സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായി നടന്ന ചില ജില്ലാ സമ്മേളനങ്ങളിൽ ചുവപ്പ് രക്തസാക്ഷി മണ്ഡപം പണിയുകയും രക്തസാക്ഷികൾക്ക് അഭിവാദ്യം അർപ്പിച്ച് മുദ്രാവാക്യം മുഴക്കുകയും ചെയ്തത് വിവാദമാവുകയുണ്ടായി. ഏതായാലും സംസ്ഥാന സമ്മേളനത്തിൽ രക്തസാക്ഷി മണ്ഡപത്തിന്റെ നിറം ചുവപ്പും നീലയുമാക്കി മാറ്റി വിവാദത്തിനിട നൽകാതെ തലയൂരി. അവിടെ രക്തസാക്ഷികൾക്ക് അഭിവാദ്യം അർപ്പിച്ച് മുദ്രാവാക്യം മുഴക്കലുമുണ്ടായില്ല.

യഥാർത്ഥത്തിൽ രക്തസാക്ഷികളോടുള്ള ആദരസൂചകമായി പണിയുന്ന മണ്ഡപത്തിന് ചുവപ്പ് നിറം തന്നെയാണ് നൽകേണ്ടത്. രക്തസാക്ഷിത്വത്തിന്റെ നിറം അതാണ്. എന്നാൽ പ്രശ്നം ഡ്യൂട്ടിക്കിടയിൽ കൊല്ലപ്പെടുന്ന പോലീസുകാരെ രക്തസാക്ഷികളെന്ന് വിശേഷിപ്പിക്കാമോ എന്നതാണ്. രക്തസാക്ഷിത്വത്തിന് വലിയ അർത്ഥങ്ങളുണ്ട്. അത് മഹത്തായ ഒരു ലക്ഷ്യത്തിനുവേണ്ടിയുള്ള ആത്മബലിയാണ്. “അവനവന് വേണ്ടിയല്ലാതെ, അപരന് ചുടുരക്തമൊഴുക്കി കടന്നുപോയവൻ രക്തസാക്ഷി” എന്ന് കവി മുരുകൻ കാട്ടാക്കട രക്തസാക്ഷിത്വത്തെ വിശേഷിപ്പിച്ചിട്ടുണ്ട്. ഇവിടെ അപരൻ എന്നത് ജനതയാണ്. എന്നാൽ ജോലിക്കിടയിൽ പോലീസുകാർ കൊല്ലപ്പെടുന്നത് ആർക്കുവേണ്ടിയാണ്. അത് ഭരണകൂടത്തിനുവേണ്ടിയാണ്. ഭരണവർഗത്തിന്റെ ക്രമവും സമാധാനവും സംരക്ഷിക്കാൻ വേണ്ടിയുള്ള ബലി. അതുകൊണ്ടാണ് കയ്യൂരിലെ പോരാട്ടത്തിനിടയിൽ കൊല്ലപ്പെട്ട സുബ്ബരായനും മൊറാഴയിൽ കൊല്ലപ്പെട്ട കുട്ടികൃഷ്ണനും ഒന്നും രക്തസാക്ഷി പട്ടികയിൽ ഇടം പിടിക്കാതിരുന്നത്. അതേസമയം കയ്യൂർ സഖാക്കൾ രക്തസാക്ഷികളാണ്. അതാണ് ചരിത്രം.

തീർച്ചയായും പോലീസുകാരുടെ സംഘടനക്ക് ചരിത്രത്തിൽ തിരുത്തലുകൾ വരുത്താം. സ്വന്തം കൂട്ടത്തിൽപ്പെട്ട ഒരുവൻ കൊല്ലപ്പെടുമ്പോൾ ആദരിക്കാം. പക്ഷെ, അവരെ രക്തസാക്ഷി എന്നല്ല വാഴ്ത്തേണ്ടത്. ഡ്യൂട്ടിക്കിടയിൽ കൊല്ലപ്പെടുന്ന സൈനികരെ ഇപ്പോൾ വീരമൃത്യു വരിച്ചവരായി വിശേഷിപ്പിക്കാറുണ്ട്. അതുപോലെ പോലീസുകാർക്കും തങ്ങളുടെ കൂട്ടത്തിൽപ്പെട്ട ഇത്തരക്കാരെ വീരമൃത്യു വരിച്ചവരായി പരിഗണിക്കാം. രക്തസാക്ഷിത്വം വീരമൃത്യുവിനും മുകളിലാണ്. ഗാന്ധിജിയും ഭഗത്സിങ്ങും സുഖദേവും രാജ്ഗുരുവും പ്രീതിലതയും ഉൾപ്പെടെ രക്തസാക്ഷികളുടെ മഹത്തായ ഒരു പരമ്പരയുണ്ട് നമുക്ക്. ആ പരമ്പരയെ അശ്ലീലമാക്കരുത്.

ലോകത്തിന്റെയും ഇന്ത്യയുടെയും കേരളത്തിന്റെയും ഒക്കെ ചരിത്രം പരിശോധിച്ചാൽ രക്തസാക്ഷികളെ സൃഷ്ടിച്ചത് പോലീസും സൈന്യവുമാണെന്ന് കണ്ടെത്താൻ കഴിയും. സ്വാതന്ത്ര്യ സമര കാലഘട്ടം അവിടെ നിൽക്കട്ടെ. അക്കാലത്ത് എത്രയെത്ര ധീരദേശാഭിമാനികളെയാണ് സൈന്യവും പോലീസും വേട്ടയാടിയത്. അക്കാലത്ത് ബ്രിട്ടീഷ് സൈന്യത്തിലും പോലീസിലും ഇന്ത്യക്കാരുണ്ടായിരുന്നു. സ്വാതന്ത്ര്യത്തിനുവേണ്ടി പൊരുതിയ ഇന്ത്യക്കാരെയാണ് അന്നത്തെ പോലീസ്-സൈനിക സംവിധാനം അതിക്രൂരമായി നേരിട്ടത്. സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ അവസ്ഥയോ. പോലീസ് വെടിവെപ്പിലും ലാത്തിച്ചാർജിലും ഒക്കെയായി മരണമടഞ്ഞവർ എത്രയാണ്. അടിയന്തരാവസ്ഥയുടെ നാളുകൾ നോക്കുക. കേരളത്തിൽ മാത്രം പോലീസിന്റെ മർദക ക്യാമ്പുകളിൽ മരിച്ചത് എത്ര പേരാണ്. കോഴിക്കോട് എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥി രാജൻ, വർക്കല വിജയൻ, കണ്ണൻ. ഉരുട്ടലിനും ഗരുഡൻ തൂക്കലിനും ലിംഗത്തിൽ ഈർക്കിൽ കയറ്റലിനും വിധേയരായി ജീവച്ഛവമായി തീർന്ന നൂറുകണക്കിനാളുകൾ. അവരോട് കാട്ടിയ ക്രൂരതകളെ, നിയമവിരുദ്ധമായ പ്രവർത്തനങ്ങളെ ഏത് ഗണത്തിലാണ് കേരള പോലീസ് അസോസിയേഷൻ ഉൾപ്പെടുത്തുക.

നക്സലൈറ്റ് നേതാവ് എ.വർഗീസിനെ പിടികൂടി വെടിവച്ചു കൊന്ന ചരിത്രമുണ്ട് കേരള പോലീസിന്. ശരിയാണ്, വർഗീസ് അന്നത്തെ നക്സലൈറ്റ് രാഷ്ട്രീയവുമായി ബന്ധപ്പെട്ട് ചിലരെ ഉൻമൂലനം ചെയ്തിട്ടുണ്ട്. പക്ഷെ, വർഗീസ് ഒരു പോലീസുകാരനെ പോലും കൊന്നിട്ടില്ല. തങ്ങളുടെ കൂട്ടത്തിൽപ്പെട്ട ഒരാളെ കൊന്നതിന്റെ വികാര പ്രകടനമാണ് വർഗീസിന്റെ കൊലയെങ്കിൽ ന്യായീകരിക്കാനുള്ള ഒരു പഴുതെങ്കിലും ഉണ്ടാകുമായിരുന്നു. വർഗീസ് കൊലപ്പെടുത്തിയത് വർഗശത്രുക്കളെന്ന് അദ്ദേഹവും പാർട്ടിയും വിലയിരുത്തിയവരെയാണ്. നിയമത്തിന്റെ കണ്ണിൽ അത് തെറ്റു തന്നെ. ആ തെറ്റിന് നിയമപരമായ വിചാരണക്ക് ഹാജരാക്കുകയാണ് പോലീസിന്റെ കർത്തവ്യം. അതല്ലല്ലോ നടപ്പിലാക്കിയത്.

ഇപ്പോഴും കേരളത്തിലെ ജനകീയ സമരങ്ങളെ എങ്ങനെയാണ് പോലീസ് സംവിധാനം നേരിടുന്നത്. പുതുവൈപ്പിനിലും കോഴിക്കോട് മുക്കത്തും മലപ്പുറത്തും കീഴാറ്റൂരിലും നടന്നത് എന്താണെന്ന് ലോകത്തിന് അറിയാം. പോലീസുകാരുടെ വ്യക്തിപരമായ താൽപ്പര്യത്തിനും നേട്ടത്തിനും ഒന്നും വേണ്ടിയല്ല ഇത്തരം വേട്ടയാടലുകൾ. അത് പോലീസ് സംവിധാനത്തിന്റെ ബാധ്യതയാണ്. ഭരിക്കുന്നവർ അവരുടെ വർഗതാൽപ്പര്യത്തിനുവേണ്ടി പോലീസിനെ കൊണ്ട് ചെയ്യിപ്പിക്കുന്നതാണ്. അതിന്റെ അർത്ഥം പോലീസെന്നത് എക്കാലവും ഭരണവർഗത്തിന്റെ താൽപ്പര്യം സംരക്ഷിക്കുന്ന സംവിധാനമാണ് എന്നതാണ്. ആ യാഥാർത്ഥ്യം മനസിലാക്കുകയും അംഗീകരിക്കുകയും വേണം.

സ്വന്തം കൈകളിൽ പറ്റിപ്പിടിച്ചിരിക്കുന്ന ചോരക്കറകൾ പോലീസ് അസോസിയേഷന് കണ്ടെത്താനാകണം. അതിന് പൊതുസമൂഹത്തോട് മാപ്പ് പറയാനൊന്നും പോലീസ് അസോസിയേഷൻ എന്ന സംഘടനാ സംവിധാനത്തിന് കഴിയില്ല. പക്ഷെ, അത്തരം നിയമവിരുദ്ധ പ്രവൃത്തികൾ എത്ര കണ്ട് കുറക്കാൻ കഴിയുമെന്ന ആലോചന നടത്താൻ അസോസിയേഷന് കഴിയും, കഴിയണം.രാജ്യം ഫാസിസത്തിന്റെ ഇരുണ്ട കാലത്തേക്കാണ് യാത്ര ചെയ്യുന്നത്. ഫാസിസ്റ്റ് കാലമെന്നത് പോലീസിന്റെ നിയമ വിരുദ്ധ പ്രവൃത്തിയുടെയും കാലമാണ്. അതുകൊണ്ട് സ്വയമൊരു ജാഗ്രതയുടെ പാഠങ്ങൾ പഠിച്ചു തുടങ്ങണം.

കൊലപാതക രാഷ്ട്രീയത്തെ അമർച്ച ചെയ്യാനുള്ള ഉത്തരവാദിത്തം സർക്കാരിന്

കണ്ണൂർ: ജില്ലയിൽ അടിക്കടിയുണ്ടാകുന്ന രാഷ്ട്രീയ കൊലപാതകങ്ങൾ അമർച്ച ചെയ്യാനുള്ള ഉത്തരവാദിത്തം ഗവൺമെന്റിനുണ്ടെന്നും ഭരണപരമായ ആ ഉത്തരവാദിത്തം ഫലപ്രദമായി നിർവഹിക്കാത്തതാണ് പ്രശ്നങ്ങൾ ആവർത്തിക്കുന്നതിന് കാരണമാകുന്നതെന്നും മാസ് മൂവ്മെന്റ് ഫോർ സോഷ്യലിസ്റ്റ് ആൾട്ടർനേറ്റീവ് സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റിയോഗം പ്രസ്താവിച്ചു. ആർ.എസ്.എസും സി.പി.എമ്മും സ്വരൂപിച്ച് കൂട്ടിയ ആയുധ ശേഖരങ്ങളെക്കുറിച്ചും അവരുടെ ക്രിമിനൽ സംഘങ്ങളെക്കുറിച്ചും വ്യക്തമായ ധാരണയുണ്ടായിട്ടും അവ റെയ്ഡ് ചെയ്ത് പിടിച്ചെടുക്കാനോ, ബന്ധപ്പെട്ടവരെ അറസ്റ്റ് ചെയ്യാനോ പോലീസ് തയ്യാറാകുന്നില്ല. എന്നാൽ ന്യായമായ വിഷയങ്ങളിൽ ജനകീയ സമരമുഖത്തുള്ളവരെ തല്ലിച്ചതക്കാനും അറസ്റ്റ് ചെയ്ത് ജയിലിലടക്കാനും പോലീസ് അമിതാവേശം കാട്ടുകയും ചെയ്യുന്നു. മനുഷ്യമനഃസാക്ഷിയെ നടുക്കിയ കൊലപാതക കേസുകളിൽ ശിക്ഷിക്കപ്പെട്ടു ജയിലിൽ കഴിയുന്ന കൊടും കുറ്റവാളികൾക്ക് മാനദണ്ഡങ്ങൾ കാറ്റിൽപ്പറത്തി പരോൾ അനുവദിക്കുകയും സ്വൈരവിഹാരം നടത്താൻ ഒത്താശ ചെയ്യുകയാണ് അധികൃതർ. ഓരോ കൊലപാതകത്തിനു ശേഷവും വിളിച്ചുകൂട്ടുന്ന സമാധാന യോഗങ്ങൾ പ്രഹസനങ്ങളായി മാറുകയാണ്. ജനങ്ങളുടെ സ്വൈരജീവിതത്തിനും സമാധാനത്തിനും ഭീഷണിയായി മാറിയ പ്രാകൃതമായ നരഹത്യകൾക്ക് നേതൃത്വം കൊടുക്കുന്നവരെയും അതിനെ ന്യായീകരിക്കുന്നവരെയും ബഹിഷ്കരിക്കാൻ ജനങ്ങൾ തയ്യാറാവണം.

ഡോ.വി.പ്രസാദിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഡോ.കെ.എൻ.അജോയ്കുമാർ, പി.ടി.ഹരിദാസ്, എം.വി.കരുണാകരൻ, എം.ദിവാകരൻ, അഡ്വ.ജോണി സെബാസ്റ്റ്യൻ പ്രസംഗിച്ചു.

സി.പി.എം – ബി.ജെ.പി ഉഭയകക്ഷി ചർച്ച: കപട നാടകങ്ങളുടെ പതിപ്പ് മാത്രമെന്ന് ലീഗ്

കണ്ണൂർ: മാഹിയിലെയും പള്ളൂരിലെയും കൊലപാതകങ്ങളുടെ വെളിച്ചത്തിൽ പത്ര-ദൃശ്യ മാധ്യമങ്ങളെയടക്കം പുറത്താക്കി കലക്ടറുടെ വസതിയിലെ അടച്ചിട്ട മുറിയിൽ സി.പി.എമ്മും ബി.ജെ.പിയും നടത്തിയ ഉഭയകക്ഷി ചർച്ചകൾ കാലങ്ങളായി ഇവർ തുടർന്നു വരുന്ന കപടനാടകങ്ങളുടെ പതിപ്പ് മാത്രമാണെന്ന് ജില്ലാ മുസ്ലിം ലീഗ് ജനറൽ സെക്രട്ടറി അഡ്വ.അബ്ദുൽ കരീംചേലേരി പറഞ്ഞു. ജില്ലയിൽ ശാശ്വത സമാധാനം നിലനിർത്താൻ സി.പി.എമ്മും ബി.ജെ.പിയും കൊലക്കത്തി താഴെയിടുക മാത്രമാണ് പരിഹാരമെന്ന മുസ്ലിം ലീഗ് നിർദ്ദേശം ഉഭയകക്ഷി ചർച്ചയിൽ കൂടുതൽ ശരിയാണെന്ന് തെളിഞ്ഞതായും അദ്ദേഹം കൂട്ടി ചേർത്തു.

ചലച്ചിത്ര പുരസ്കാര സമർപ്പണത്തിനെതിരെ രംഗത്തുവന്നവർ കറുത്ത ശക്തികൾ: ബി.ജെ.പി

തളിപ്പറമ്പ: ദേശീയ ചലച്ചിത്ര പുരസ്ക്കാര ചടങ്ങ് ബഹിഷ്ക്കരിച്ചവരും രാജ്യത്തിന്റെ പുരസ്കാരം സ്വീകരിക്കാതെ മടങ്ങിയവരും അവരുടെ തനിനിറം വ്യക്തമാക്കിയിരിക്കുകയാണെന്ന് ബി.ജെ.പി തളിപ്പറമ്പ നിയോജക മണ്ഡലം കമ്മിറ്റി യോഗം അഭിപ്രായപ്പെട്ടു.

മുഖ്യമന്ത്രിക്ക് തുല്യമായ സ്ഥാനമുള്ള കേന്ദ്രമന്ത്രിയിൽ നിന്ന് പുരസ്കാരം സ്വീകരിക്കുന്നത് കുറച്ചിലായി കണ്ടത്. സ്മൃതി ഇറാനി ഒരു സ്ത്രീയായതുകൊണ്ടാണ്. മുഴുവൻ സ്ത്രീകളും കലാസ്നേഹികളും പുരോഗമനവാദികളും ഈ കറുത്ത ശക്തികൾക്കെതിരെ രംഗത്തുവരണമെന്നും യോഗം അഭ്യർത്ഥിച്ചു. ടി.ടി. സോമൻ അധ്യക്ഷത വഹിച്ചു. എ.പി. ഗംഗാധരൻ, പി. ബാലകൃഷ്ണൻ മാസ്റ്റർ, ആനിയമ്മ രാജേന്ദ്രൻ, രവീന്ദ്രൻ കടമ്പേരി, എൻ.കെ.ഇ. ചന്ദ്രശേഖരൻ മാസ്റ്റർ സംസാരിച്ചു.

രയരോത്തെ വൈദ്യുതി മുടക്കം പരിഹരിക്കണമെന്ന് വ്യാപാരികൾ

ആലക്കോട്: രയരോം മേഖലയിൽ തുടർക്കഥയായി മാറിക്കൊണ്ടിരിക്കുന്ന വൈദ്യുതി മുടക്കം പരിഹരിക്കുന്നതിന് കെ.എസ്.ഇ.ബി അധികൃതർ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി രയരോം യൂണിറ്റ് യോഗം ആവശ്യപ്പെട്ടു. അടിക്കടിയുള്ള വൈദ്യുതി മുടക്കവും ഇത് പരിഹരിക്കുന്നതിനുള്ള കാലതാമസവും വ്യാപാര മേഖലക്കും വൈദ്യുതി ഉപഭോക്താക്കൾക്കും അതീവ ദുരിതമാണ് സൃഷ്ടിച്ച് കൊണ്ടിരിക്കുന്നതെന്നും യോഗം ചൂണ്ടിക്കാട്ടി. ജോബി ചാമക്കാല അധ്യക്ഷത വഹിച്ചു.

പുനർനിർമ്മിച്ച മന്ന ഹദ്ദാദ് ജുമാമസ്ജിദിന്റെ ഉദ്ഘാടനം നിർവഹിച്ച് പാണക്കാട് റശീദലി ശിഹാബ് തങ്ങൾ സംസാരിക്കുന്നു

ആശാവർക്കർമാരുടെ ദിവസവേതനം 600രൂപയാക്കണം: ഐ.എൻ.ടി.യു.സി

കണ്ണൂർ: കേരളത്തിലെ ആശാവർക്കർമാരുടെ ദിവസവേതനം 600രൂപയാക്കണമെന്നും ഓണറേറിയവും ഇൻസെന്റീവും അതാത് മാസങ്ങളിൽ വിതരണം ചെയ്യണമെന്നും കേരള പ്രദേശ് ആശ വർക്കേഴ്സ് കോൺഗ്രസ് ഐ.എൻ.ടി.യു.സി ജില്ലാ സമ്മേളനം ആവശ്യപ്പെട്ടു. കെ.പി.സി.സി ജനറൽ സെക്രട്ടറി അഡ്വ. സജീവ് ജോസഫ് ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡണ്ട് ജിൻസ് മാത്യു അധ്യക്ഷത വഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി കൃഷ്ണവേണി ജി. ശർമ്മ മുഖ്യപ്രഭാഷണം നടത്തി. മുതിർന്ന ആശ പ്രവർത്തകരെ ജില്ലാ പ്രസിഡണ്ട് വി.വി. ശശീന്ദ്രൻ ആദരിച്ചു. ഡി.സി.സി. ജനറൽ സെക്രട്ടറിമാരായ സുരേഷ്ബാബു എളയാവൂർ, സി.ടി. ഗിരിജ, സുനിജ ബാലകൃഷ്ണൻ, സി.പി. ബിന്ദു, എം. ശകുന്തള, സുശീല കേശവൻ, സി. കോമളവല്ലി, ധന്യ വിൽസൺ, നാൻസി ബിയാട്രിസ്, കെ. ലത, വി.ടി. അന്നമ്മ, ജയശ്രീ കൊളച്ചേരി, ബീന സന്തോഷ് പ്രസംഗിച്ചു.

കരുവഞ്ചാൽ ഉഷാ ഫേബ്രിക്സിൽ മെഗാ സമ്മാനകൂപ്പൺ നറുക്കെടുപ്പ് ജയിംസ് പുത്തൻപുര നിർവഹിക്കുന്നു

ഉഷാ ഫേബ്രിക്സിൽ മെഗാ സമ്മാന കൂപ്പൺ നറുക്കെടുപ്പ് നടത്തി

കരുവഞ്ചാൽ: കരുവഞ്ചാൽ ഉഷാ ഫേബ്രിക്സിൽ ഏർപ്പെടുത്തിയ സമ്മാന പദ്ധതിയുടെ ഭാഗമായ മെഗാ സമ്മാന കൂപ്പൺ നറുക്കെടുപ്പ് കെ.വി.വി.ഇ.എസ് യൂണിറ്റ് പ്രസിഡണ്ട് ജയിംസ് പുത്തൻപുര നിർവഹിച്ചു. മെഗാ സമ്മാനമായി സ്കൂട്ടിയാണ് നൽകുന്നത്. വി.എ.റഹിം, പി.എസ്.അബ്ദുൾമജീദ്, ജോൺ തെക്കേപ്പറമ്പിൽ, സി.കെ.അബ്ദു, ബേദി സെബാസ്റ്റ്യൻ, വിശ്വനാഥൻ തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു. ഒ.ജി. സുനിൽകുമാർ സ്വാഗതം പറഞ്ഞു.

കേരള വാട്ടർ അതോറിട്ടി
വാട്ടർ സപ്ലൈ സബ് ഡിവിഷൻ
തളിപ്പറമ്പ
നമ്പർ. D3/TSDN/TENDER
ദർഘാസ് പരസ്യം

ദർഘാസ് നമ്പർ: 01-18-19 പ്രവൃത്തിയുടെ പേര് - ജിക്ക പട്ടുവം പദ്ധതി, P3-R6-മാട്ടൂൽ പഞ്ചായത്തിലേക്ക് തെക്കുംപാട് പുഴയിൽ സ്ഥാപിച്ച 400mm HDPE പൈപ്പിന്റെ ലീക് റിപ്പെയർ. അടങ്കൽ തുക 1,91,317/- രൂപ, നിരതദ്രവ്യം:-5000/- ദർഘാസ് ഫോറം വില: 560/ദർഘാസുകൾ സ്വീകരിക്കുന്ന തീയതി: **17-05-2018 വൈകുന്നേരം 3.00 മണിവരെ**, ദർഘാസ് തുറക്കുന്ന തീയതി 17-05-2018 വൈകുന്നേരം 3.30. ഫോൺ നമ്പർ: 04602203187.
കരാർ ലൈസൻസ്: ഡിയും അതിനുമുകളിലും
തീയതി: 10-05-2018
സ്ഥലം: തളിപ്പറമ്പ **അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ**

മൊബൈൽ തട്ടുകട വാടകയ്ക്ക്

ധർമ്മശാലയിൽ നല്ല രീതിയിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന മൊബൈൽ (TATA Ece) എല്ലാ സാധനങ്ങൾ അടക്കം വാടകയ്ക്ക്. ആവശ്യമുള്ളവർ മാത്രം വിളിക്കുക.

9495262588

എല്ലാ വിഷയങ്ങൾക്കും എ പ്ലസ്

അക്ഷരയുടെ വിജയത്തിന് പൊന്നിന്റെ തിളക്കം

ആലക്കോട്: പ്ലസ്ടു പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ കരിങ്കയം മണിക്കലിലെ അക്ഷരയുടെ വിജയത്തിന് പൊൻതിളക്കം. ശാരീരിക വൈകല്യങ്ങളെയും സാമ്പത്തിക പരാധീനതകളെയും അതിജീവിച്ച് നേടിയ വിജയമാണ് അക്ഷരയെ ശ്രദ്ധേയയാക്കുന്നത്. ചെറുപ്പം മുതൽ കേൾവി- സംസാര ശേഷി തകരാറുള്ള അക്ഷര കാരക്കുണ്ട് സ്പീച്ച് ആന്റ് ഹിയറിംഗ് ഹയർസെക്കണ്ടറി സ്കൂളിലെ വിദ്യാർത്ഥിനിയാണ്. 2016ൽ ഇതേ സ്കൂളിൽ നിന്ന് തന്നെ എസ്.എസ്.എൽ.സിക്ക് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയിരുന്നു. കാരക്കുണ്ട് സ്കൂളിന് ഹയർസെക്കണ്ടറി ആരംഭിച്ച പ്രഥമ ബാച്ചിൽ തന്നെ മികച്ച വിജയമാണ് നേടാൻ കഴിഞ്ഞത്. അക്ഷരക്ക് പുറമെ രണ്ട് കുട്ടികൾ കൂടി സ്കൂളിൽ നിന്ന് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടി. മണിക്കലിലെ പേപ്പതിക്കൽ വിൻസെന്റ്-ലിനി ദമ്പതികളുടെ രണ്ടാമത്തെ മകളാണ് അക്ഷര. തീർത്തും നിർധന കുടുംബമാണ് ഇവരുടേത്. തുടർ പഠനം നടത്തുന്നതിന് ഗവൺമെന്റ് തലത്തിൽ സ്പീച്ച് ആന്റ് ഹിയറിംഗ് സ്ഥാപനം ഇല്ലാത്തത് അക്ഷര ഉൾപ്പെടെയുള്ളവരുടെ ഭാവി പഠനത്തിന് തടസമുയർത്തുകയാണ്. സ്വകാര്യ മേഖലയിൽ ഇത്തരം വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടെങ്കിലും വൻ തുകയാണ് ഫീസ് നൽകേണ്ടി വരുന്നത്.

ഇവരുടെ വിജയത്തിന് പത്തരമാറ്റ്; മലയോരത്ത് ആഹ്ലാദം

പി.മനൂപ്

നവനീത

അർജുൻ

ആൻഷ മാത്യു

ശ്രീകണ്ഠപുരം: ഹയർസെക്കണ്ടറി പരീക്ഷാ ഫലം വന്നപ്പോൾ പത്തരമാറ്റിന്റെ വിജയ തിളക്കവുമായി

മലയോര മണ്ണിൽ നിന്നും മൂന്ന് പേർ .1200 ൽ 1200 മാർക്കുംനേടിയ മൂന്ന് വിദ്യാർത്ഥികളാണ് കുടിയേറ്റ മണ്ണിന്റെ താരങ്ങളായത്. എം.നവനീത, വി.വി അർജ്ജുൻ , അൻഷ മാത്യു എന്നിവരാണ് മലയോരത്തെ അഭിമാന താരകങ്ങൾ. സയൻസ് വിഷയങ്ങളിലാണ് മൂവരും മുഴുവൻ മാർക്ക് നേടിയത്.എസ്എസ്എൽസി പരീക്ഷയിലും മൂവരും മുഴുവൻ വിഷയങ്ങളിലും എപ്ലസ് നേടിയിരുന്നു. ശ്രീകണ്ഠപുരം ഗവ ഹയർസെക്കണ്ടറി സ്കൂളിലെ വിദ്യാർത്ഥിയായ നവനീത പരിപ്പായി സ്വദേശിനിയാണ്. പഠനത്തിന് പുറമേ ഹൈസ്കൂൾ തലത്തിൽ പഠിക്കുമ്പോൾ വിദ്യാരംഗം സാഹിത്യോത്സവത്തിൽ കഥാരചനയിൽ സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനം നേടിയിട്ടുണ്ട്. കൂട്ടുംമുഖം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ ഹെൽത്ത് ഇൻസ്പെക്ടർ എം ശശീന്ദ്രന്റെയും പി.വി.ഷിംനയുടെയും മകളാണ്.സഹോദരി അനാമിക വയനാട് മെഡിക്കൽ കോളേജിൽ എംബിബിഎസ് വിദ്യാർത്ഥിനിയാണ്. ചെങ്ങളായി മുങ്ങം സ്വദേശിയായ അർജ്ജുൻ കാസർകോട് ഇടനീർ ഹയർസെക്കണ്ടറി സ്കൂൾ വിദ്യാർത്ഥിയാണ് . കാസർകോട് കണ്ടിക്കാനം സ്കൂളിലെ അധ്യാപകൻ ടി.ഒ.ഉണ്ണികൃഷ്ണന്റെയും മുണ്ടിത്തടുക്കയ സ്കൂൾ അധ്യാപിക വി.വി.ഉഷ യുടെയും മകനാണ്.മണ്ണുത്തി കാർഷിക കോളേജ് വിദ്യാർത്ഥി സജിനാണ് അർജുന്റെ സഹോദരൻ. ചെമ്പേരി നിർമ്മല ഹയർസെക്കണ്ടറി സ്കൂൾ വിദ്യാർത്ഥിയായ അൻഷമാത്യു പയ്യാവൂർ വെമ്പുവയിലാണ് താമസം. പഠനത്തിന് പുറമേ ജില്ല സ്കൂൾ കലോത്സവത്തിലെ ചിത്രരചന മത്സരത്തിൽ ഉൾപ്പെടെ നിരവധി സമ്മാനങ്ങൾ നേടിയിട്ടുണ്ട്. കൂത്തുപറമ്പ് റബ്കോ ജീവനക്കാരൻ ടി.ജെ .മാത്യുവിന്റെയും അരീക്കാമല സെന്റ് ജോസഫ് എൽ പി സ്കൂളിലെ പ്രധാനധ്യാപിക എൽസമ്മയുടെയും മകളാണ് അൻഷ മാത്യു.പയ്യാവൂർ സേക്രട്ട്ഹാട്ട് സ്കൂളിലെ പ്ലസ് വൺ വിദ്യാർത്ഥിയായ ജോൺ മാത്യു സഹോദരനാണ്. മലയോര മണ്ണിൽ നിന്നും മൂന്ന് പേർ സ്വന്തമാക്കിയ തകർപ്പൻ ജയത്തിന്റെ ആഹ്ലാദത്തിലാണ് വീട്ടുകാരും നാടും.

PALAKKAYAM THATTU. KANNUR. KERALA

പാലക്കയം തട്ടിൽ ഡി.ടി.പി.സി സ്ഥാപിച്ച ഫോട്ടോ ഫ്രെയിം ഉദ്ഘാടനം ചെയ്ത കലക്ടർ മീർ മുഹമ്മദലി ഉദ്യോഗസ്ഥർക്കും സഞ്ചാരികൾക്കുമൊപ്പം

പാലക്കയംതട്ടിന് ചാരുതയേകി ഫോട്ടോ ഫ്രെയിം സ്ഥാപിച്ചു

ആലക്കോട്: മലബാറിലെ പ്രസിദ്ധ വിനോദ സഞ്ചാര കേന്ദ്രമായി വളർന്നു കൊണ്ടിരിക്കുന്ന പാലക്കയംതട്ടിന് ചാരുതയേകി ടൂറിസം വകുപ്പ് ആഭിമുഖ്യത്തിൽ ഫോട്ടോ ഫ്രെയിം സ്ഥാപിച്ചു. പാലക്കയംതട്ടിന്റെ പേര് രേഖപ്പെടുത്തിയുള്ള ഇരുമ്പ് തൂണുകളിലായി രണ്ട് സ്ഥലത്തായാണ് ഫോട്ടോ ഫ്രെയിമുകൾ സ്ഥാപിച്ചത്. മലമുകളിലെത്തുന്ന സഞ്ചാരികൾക്ക് പാലക്കയം തട്ടിന്റെ വശ്യസൗന്ദര്യം പൂർണ്ണമായി ആസ്വദിച്ച് കൊണ്ട് ഫോട്ടോകളും വീഡിയോയും എടുക്കുന്നതിനുള്ള സൗകര്യാർത്ഥമാണ് ഡി.ടി.പി.സി ആഭിമുഖ്യത്തിൽ ഫോട്ടോ ഫ്രെയിം സ്ഥാപിച്ചത്. മലമുകളിൽ തിങ്ങിനിറഞ്ഞ സഞ്ചാരികളുടെ സാന്നിധ്യത്തിൽ ജില്ലാ കലക്ടർ മുഹമ്മദലി ഫോട്ടോ ഫ്രെയിം ഉദ്ഘാടനം ചെയ്തു. നടുവിൽ പഞ്ചായത്ത് പ്രസിഡണ്ട് ബിന്ദുബാലൻ അധ്യക്ഷത വഹിച്ചു. ഷൈനി തോമസ്, സി.എൻ.അൻഷാദ് പ്രസംഗിച്ചു. ഡി.ടി.പി.സി സെക്രട്ടറി ജിപീഷ് സ്വാഗതവും നിസാർ നന്ദിയും പറഞ്ഞു.

കെ.എസ്.കെ.ടി.യുവിന്റെ എസ്.ബി.ഐ മാർച്ച് നാളെ

ആലക്കോട്: പെട്രോൾ, ഡീസൽ വില വർധനവ് തടയുക, സ്ത്രീകൾക്കും കുട്ടികൾക്കും ദളിതർക്കും ആദിവാസികൾക്കുമെതിരെ വർധിച്ചുവരുന്ന അക്രമങ്ങൾ തടയുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് കെ.എസ്.കെ.ടി.യു വനിത സബ് കമ്മിറ്റി ആഭിമുഖ്യത്തിൽ നാളെ ആലക്കോട് എസ്.ബി.ഐയിലേക്ക് മാർച്ച് നടക്കും. എം.രാഘവൻ ഉദ്ഘാടനം ചെയ്യും.

നായ്ക്കുട്ടികൾ വിൽപ്പനക്ക്

ജർമ്മൻ ഷെപ്പേർഡ് ഇനത്തിൽപ്പെട്ട നായ്ക്കുട്ടികൾ വിൽപ്പനക്ക്. ബന്ധപ്പെടുക.

9847992605

NOTIFICATION

I, Krishnaprasad K, Kundappil (H), Bepu, Iriyanni PO, 671542, hereby inviting to the notice of the public that my marklist of B-Tech Mechanical Engineering First and second semester supplementary/ improvement Examination 2016 January (Reg. No. B4 ENME 1929) of Kannur University have been irrecoverably lost during travel and as such I intend to apply for the duplicate Marklist. If anybody happens to get the originals may kindly send the same or intimate the undersigned or the University.

Sd/-
Krishnaprasad K.

ഇന്റിമേറ്റ് ഹോം നേഴ്സിംഗ് സർവ്വീസസ്, ആലക്കോട്

പരിചയ സമ്പന്നരായ ജോലിക്കാരെ ആവശ്യമുള്ളവരും, ജോലി ആവശ്യമുള്ളവരും ബന്ധപ്പെടുക

8547693335

സ്ഥലം വിൽപ്പനക്ക്

ചുഴലി- വെള്ളായിത്തട്ടിൽ എല്ലാ വിധ സൗകര്യങ്ങളോടും കൂടിയ 80 സെന്റ് / 20 സെന്റ് സ്ഥലം പൂർണ്ണമായോ, പ്ലോട്ടുകൾ തിരിച്ചോ വിൽപ്പനക്ക്. ബ്രോക്കർമാർ ബന്ധപ്പെടേണ്ടതില്ല.

8943776723